**459**

യേശുമതിയെനിക്കേശു മതിയെനി-
ക്കേശു മതിയെനിക്കെന്നേക്കും-എൻ
യേശു മാത്രം മതിയെനിക്കെന്നേക്കും

1 ഏതു നേരത്തുമെൻ ഭീതിയകറ്റി സ-
മ്മോദമോടെന്നെ കാക്കുവാൻ സ-
മ്മോദമോടെയെന്നെ നിത്യം കാക്കുവാൻ

2 ഘോരവൈരിയോടു പോരിടുവതിന്നു
ധീരതയെനിക്കു നൽകുവാൻ-നല്ല
ധീരതയെനിക്കു നൽകുവാൻ-

3 ക്ഷാമം വസന്തകളാലെ ലോകമെങ്ങും
ക്ഷേമമില്ലാതായി വന്നാലും-ഞാൻ
ക്ഷേമമില്ലാത്തവനായി തീർന്നാലും-

4 ലോകത്തിലെനിക്കു യാതൊന്നുമില്ലാതെ
വ്യാകുലപ്പെടേ ി വന്നാലും-ഞാൻ
വ്യാകുലപ്പെടുവാനിട വന്നാലും-

5 യേശുവുള്ളതിനാൽ ക്ലേശിപ്പിതിനിട
ലേശമില്ലയതു നിർണ്ണയം-ലവ
ലേശമില്ലയതു നിർണ്ണയം-

**P.V.T.**